# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2549</u>　　　　<u>27.01.2014-ലെ മറുപടിക്ക്</u>

## <u>നെടുങ്ങോലം താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രിയായി ഉയർത്താൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ ആരോഗ്യവകുപ്പ് മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | (എ) കൊല്ലത്ത് സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. |
| (ബി) കൊല്ലം ജില്ലാ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തുന്ന സാഹചര്യം ഉണ്ടായാൽ 16 ഏക്കർ സ്ഥലം സ്വന്തമായുള്ള നെടുങ്ങോലം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രി പദവിയിലേക്ക് ഉയർത്തണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറോട് പി.എൽ.എ3/43420/13 തീയതി 2.8.13 പ്രകാരം റിപ്പോർട്ടും, പ്രൊപ്പോസലും ആവശ്യപ്പെട്ടിരുന്നത് ലഭിച്ചുവോ ; ആയതിന്റെ ഉള്ളടക്കം എന്താണ് ; | (സി) ലഭിച്ചിട്ടില്ല. |
| (ഡി) സ്ഥല സൗകര്യ ലഭ്യതയും, യാത്രാസൗകര്യവും പരിഗണിച്ച് നെടുങ്ങോലം താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) കൊല്ലത്ത് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കാൻ അന്തിമ തീരുമാനം എടുത്തിട്ടില്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ